LIBRARY ARCHIVES Kerala Legislative Assembly

മാറാട് സംഭവവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം

57 (4492) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് സംഭവവുമായി ബന്ധപ്പെട്ട് ചില സംഘടനകൾ വീഡിയോ പ്രദർശങ്ങളും മറ്റും നടത്തിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പ്രദർശിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി തേടിയിട്ടുണ്ടോ ;

(സി) ഇതിനകം എത്ര കേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചു കഴിഞ്ഞുവെന്നും കാസറ്റ് പ്രദർശനം നടത്തുന്നത് ആരൊക്കെയാണെന്നും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) കാസറ്റ് പ്രദർശനം തടയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് വല്ല കേസും രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്ര ; ഇല്ലെങ്കിൽ പ്രദർശനം വർഗ്ഗീയ സംഘർഷത്തിന് ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഉത് തടയുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുമതി നൽകിയിട്ടില്ല.

(സി) തിരുവനന്തപുരം ജില്ലയിൽ മണ്ണാമ്മൂലയിൽ ആർ.എസ്.എസ്./ ബി.ജെ.പി. പ്രവർത്തകർ ചേർന്നും, മേട്ടുക്കട ജംഗ്ഷനിൽ വി.എച്ച്.പി. പ്രവർത്തകരും, ആര്യനാട് ജംഗ്ഷനിൽ ബി.ജെ.പി., ആർ.എസ്.എസ്., പി.എച്ച്.പി. എന്നീ സംഘടനകളുടെ പ്രവർത്തകർ ചേർന്നും കോഴിക്കോട് ജില്ലയിൽ താമരശ്ശേരി, നരീക്കുനി, കുന്ദമംഗലം ബസാർ, നല്ലളം പോലീസ് സ്റ്റേഷനതിർത്തിയിലെ ചന്തീരാങ്കാവ് എന്നീ സ്ഥലങ്ങളിൽ ബി.ജെ.പി., വി.എച്ച്.പി., ആർ.എസ്.എസ്., ഹിന്ദു ഐക്യവേദി എന്നീ സംഘടനാ പ്രവർത്തകരുമാണ് വീഡിയോ പ്രദർശനം നടത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ&എഫ്) ഉണ്ട്. ഇതു സംബന്ധിച്ച ഏഴ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം പ്രദർശനം വർഗ്ഗീയ സംഘർഷത്തിന് ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർഗ്ഗീയ വിദ്വേഷം വളരാൻ കാരണമാകും എന്ന ഉത്തമ വിശ്വാസത്തിൽ ഇത്തരം വീഡിയോ പ്രദർശനം പോലീസ് തടഞ്ഞുവരുന്നുണ്ട്.